കൂടാതെ ഈ വിഭാഗം തൊഴിലാളികൾക്ക് രണ്ട് സഹായ പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിവരുന്നുണ്ട്.

(1) മാരക രോഗങ്ങളാൽ അവശത അനുഭവിക്കുന്ന ദിവസ വേതനക്കാരായ അസംഘടിത തൊഴിലാളികൾക്ക് ആശ്വാസ ധനസഹായമായി ഒരാൾക്ക് 2,000 രൂപ മാത്രം ഒരു പ്രാവശ്യം ധനസഹായം നൽകുന്ന പദ്ധതി 2007-2008 മുതൽ നടപ്പിലാക്കിവരുന്നു.

(2) കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 10 വർഷമെങ്കിലും അംഗമായിരിക്കുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്ത അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പ്രതിമാസം 250 രൂപ നിരക്കിൽ പെൻഷൻ നൽകുന്ന പദ്ധതി 2008 മുതൽ 'കേരള അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീം' പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തൊഴിലാളികളുടെ ഇ.പി.എഫ്. പെൻഷൻ തുകയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്ത് ഇ.പി.എഫ്. പദ്ധതിയിൽ അംഗങ്ങളായവരെ സംബന്ധിച്ച് റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ ലഭ്യമാക്കിയ ഇ.പി.എഫ്. മേഖല തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

തിരുവനന്തപുരം - 269261 (തിരുവനന്തപുരം, പത്തനംതിട്ട ജില്ലകൾ)

കൊല്ലം - 272355 (കൊല്ലം)

കോട്ടയം - 195105 (ഇടുക്കി, കോട്ടയം ജില്ലകൾ)

കൊച്ചി - 670449 (എറണാകുളം, തൃശ്ശൂർ, ആലപ്പുഴ ജില്ലകൾ)

കോഴിക്കോട് - 219404 (കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം ജില്ലകൾ)

കണ്ണൂർ - 133332 (കണ്ണൂർ, കാസർഗോഡ് ജില്ലകൾ)

(ഇ) ഉണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ജപ്തി അടക്കമുള്ള നിയമനടപടി സ്വീകരിക്കുന്നുണ്ടെന്ന് ഇ.പി.എഫ്.ഒ. അധികാരികൾ അറിയിച്ചിട്ടുണ്ട്.

ബാർബർ-ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്ക് ക്ഷേമനിധി

62 (4117) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർബർ-ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്കായി ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ക്ഷേമപദ്ധതികളാണ് ഇതിലൂടെ ഇപ്പോൾ നടപ്പാക്കി വരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മരണാനന്തര സഹായമായി എത്ര രൂപയാണ് ഇപ്പോൾ നൽകി വരുന്നത് ; എന്നു മുതലാണ് ഈ തുക നൽകുന്നത് ; ഈ തുക വർദ്ധിപ്പിച്ച് ഒരു ലക്ഷം രൂപയാക്കി നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രായാധിക്യംമൂലം ക്ഷേമനിധിയിൽ അംഗമാകാൻ കഴിയാതിരിക്കുന്ന 60 വയസ്സു കഴിഞ്ഞ ഈ മേഖലയിൽ പണിയെടുത്തു തളർന്നവരും ശാരീരിക അവശതകൾ അനുഭവിക്കുന്നവരുമായവർക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ ക്ഷേമപദ്ധതിയിൽ നിന്നും ലഭിക്കുന്ന റിട്ടയർമെന്റ് തുക എത്രയാണ് ; എത്ര വർഷം പണമടയ്ക്കുന്നവർക്കാണ് ഈ തുക ലഭിക്കുന്നത് ;

(ഇ) പോലീസ് ക്യാമ്പുകൾ, ജയിലുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ ബാർബർ തൊഴിലിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആളുകളെ എടുക്കുമ്പോൾ തൊഴിൽ പരിചയമുള്ള എംപ്ലോയ്മെന്റിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ബാർബർ തൊഴിലാളികൾക്ക് മുൻഗണന കൊടുക്കാനും അത്തരക്കാരെ മാത്രം നിയമിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബാർബർ-ബ്യൂട്ടീഷൻ തൊഴിലാളികൾക്കായി കേരള ബാർബർ-ബ്യൂട്ടീഷൻ തൊഴിലാളി ക്ഷേമ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു :

വിദ്യാഭ്യാസ ആനുകൂല്യം	അംഗത്തിന്റെ മക്കൾക്ക് 1 മുതൽ പോസ്റ്റ് ഗ്രാജുവേഷൻ വരെയുള്ള കോഴ്സുകൾക്ക് 500 രൂപ മുതൽ 1,500 രൂപ വരെ നൽകിവരുന്നു.
വിവാഹാനുകൂല്യം	പെൺകുട്ടികളുടെ വിവാഹ ചെലവിനായി പദ്ധതി അംഗത്തിന് 2,000 രൂപ നൽകിവരുന്നു.
പ്രസവാനുകൂല്യം	പദ്ധതിയിലെ സ്ത്രീ അംഗത്തിന് പ്രസവാനുകൂല്യമായി 1,000 രൂപ നൽകി വരുന്നു.
മരണാനന്തര ധനസഹായം	അവകാശിക്ക് മരണാനന്തര ധനസഹായമായി 10,500 രൂപയും ശവസംസ്ക്കാര ചടങ്ങിനായി 1,000 രൂപയും ചേർത്ത് 11,500 രൂപ നൽകിവരുന്നു. അംഗത്വ ദൈർഘ്യമനുസരിച്ചുള്ള റിട്ടയർമെന്റ് ആനുകൂല്യവും ഇതോടൊപ്പം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ

കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമായിരുന്ന് 60 വയസ്സ് തികഞ്ഞ റിട്ടയർമെന്റ് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള എല്ലാ ബാർബർ ബ്യൂട്ടീഷൻ തൊഴിലാളികൾക്കും മറ്റ് ക്ഷേമ പെൻഷനൊന്നും ലഭിക്കുന്നില്ലായെങ്കിൽ ഈ പദ്ധതിയിൽ നിന്നും പ്രതിമാസം 250 രൂപ നിരക്കിൽ പെൻഷൻ ആനുകൂല്യം നൽകി വരുന്നു. ഇത് 300 രൂപയായി ഉയർത്തുന്നതാണ്.

(ബി) അവകാശികൾക്ക് മരണാനന്തര ധനസഹായമായി 10,500 രൂപയും ശവസംസ്ക്കാര ചടങ്ങുകൾക്കായി 1,000 രൂപയും ചേർത്ത് 11,500 രൂപ 2004 മുതൽ നൽകിവരുന്നു. അംഗത്വ ദൈർഘ്യമനുസരിച്ചുള്ള റിട്ടയർമെന്റ് ആനുകൂല്യവും ഇതോടൊപ്പം നൽകുന്നു. ടി പദ്ധതി സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന ക്ഷേമ പദ്ധതിയായതിനാൽ മരണാനന്തര ധനസഹായ തുക വർദ്ധിപ്പിക്കുവാൻ നിലവിലെ സാഹചര്യം അനുയോജ്യമല്ല.

(സി) കേരള ബാർബർ-ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമപദ്ധതിയുടെ അദ്ധ്യായം (7) ഖണ്ഡിക (26) ഉപഖണ്ഡിക (1) പ്രകാരം കേരള കൈതൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമായിരുന്ന് 60 വയസ്സ് തികഞ്ഞ റിട്ടയർമെന്റ് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള എല്ലാ ബാർബർ തൊഴിലാളികൾക്കും മറ്റ് ക്ഷേമ പെൻഷനുകളൊന്നും ലഭിക്കുന്നില്ലായെങ്കിൽ ഈ പദ്ധതിയിൽ നിന്നും പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. ഈ പദ്ധതി നിലവിൽ വന്നത് 2004 ജനുവരിയിലാണ്. ടി പദ്ധതി നിലവിൽ വന്ന് 10 വർഷത്തിനുശേഷം മാത്രമേ (2014 മുതൽക്ക്) ടി പദ്ധതിയിൽ നിന്നും പെൻഷൻ ആനുകൂല്യം നൽകി തുടങ്ങുകയുള്ളൂ. ക്ഷേമപദ്ധതിയിൽ അംഗങ്ങളാകാത്ത തൊഴിലാളികൾക്ക് പെൻഷൻ ആനുകൂല്യം നൽകുവാൻ പദ്ധതിയിൽ വ്യവസ്ഥയില്ല. സ്ഥായിയായ അംഗവൈകല്യം സംഭവിച്ച് തൊഴിൽ ചെയ്യാൻ പറ്റാത്ത സാഹചര്യത്തിൽ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ അംഗമായ തൊഴിലാളിക്ക് മിനിമം പെൻഷൻ അനുവദിച്ച് നൽകുന്നതാണ്.

(ഡി) കേരള ബാർബർ-ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമപദ്ധതിയിൽ 42 വർഷം പൂർത്തിയാക്കിയ ഒരംഗത്തിന് റിട്ടയർമെന്റ് ആനുകൂല്യമായി സർക്കാർ അംശാദായമുൾപ്പെടെ 62,750 രൂപ ലഭിക്കുന്നതാണ്. അംഗങ്ങൾക്ക് അവരുടെ അംഗത്വത്തിന്റെ ദൈർഘ്യമനുസരിച്ച് ആനുപാതികമായി ചുവടെ കാണിച്ചിരിക്കുന്ന പ്രകാരമുള്ള റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കിയ വർഷം	അംഗങ്ങളുടെ അംശദായതുക	അംഗങ്ങൾക്ക് നൽകേണ്ട ആനുകൂല്യതുക	പൂർത്തിയാക്കിയ വർഷങ്ങൾ	അംഗങ്ങളുടെ അംശദായതുക	അംഗങ്ങൾക്ക് നൽകേണ്ട ആനുകൂല്യതുക
(1)	(2)	(3)	(4)	(5)	(6)
1	—	—	21	2520	3860
2	240	600	22	2640	7667
3	360	600	23	2760	8554
4	480	600	24	2880	9532
5	600	641	25	3000	10610
6	720	811	26	3120	11798
7	840	998	27	3240	13107
8	960	1204	28	3360	14550
9	1080	1432	29	3480	16140
10	1200	1682	30	3600	17892
11	1320	1959	31	3720	19822
12	1440	2263	32	3840	21950
13	1560	2599	33	3960	24294
14	1680	2969	34	4080	26878
15	1800	3376	35	4200	29725
16	1920	3826	36	4320	32861
17	2040	4321	37	4440	36318
18	2160	4868	38	4560	40126
19	2280	5468	39	4680	44322
20	2400	6131	40	4800	50000

(ഇ) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly